"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2023-2024 സാമ്പത്തിക വർഷത്തെ ഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം -II ൽ ക്രമനമ്പർ 1529 ആയി ഉൾപ്പെടുത്തിയ **'ആറ്റിങ്ങൽ മൃഗാശുപത്രി'** എന്ന പ്രവൃത്തിക്ക് പകരമായി **'കിളിമാനൂർ KSRTC ബസ് സ്റ്റാന്റ് നവീകരണം'** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2325/2024/LSGD തീയതി,തിരുവനന്തപുരം, 29-11-2024

---

പരാമർശം:- 1. 11.06.2024 ലെ സ.ഉ(സാ) നം .4555/2024/ധന സർക്കാർ ഉത്തരവ്

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.08.2024 ലെ LSGD/PD/30259/2024-DB1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം -II വാല്യം -II ൽ ക്രമ നമ്പർ 1529 ആയി ഉൾപ്പെടുത്തി, മൃഗസംരക്ഷണ വകുപ്പിനെ നിർവഹണ വകുപ്പാക്കിയും 100 ലക്ഷം രൂപ അടങ്കൽ കണക്കാക്കിയും 20% തുക വകയിരുത്തിയ **'ആറ്റിങ്ങൽ മൃഗാശുപത്രി'** എന്ന പ്രവൃത്തിക്ക് പകരമായി മറ്റു വിശദാംശങ്ങളിൽ മാറ്റം വരുത്താതെ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർവഹണ ചുമതല നൽകികൊണ്ട് **'കിളിമാനൂർ KSRTC ബസ്സ്റ്റാന്റ് നവീകരണം'** എന്ന പ്രവൃത്തി ഉൾപ്പെടുത്തി ഭേദഗതി വരുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2 ) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം -II വാല്യം -II ൽ ക്രമ നമ്പർ 1529 ആയി ഉൾപ്പെടുത്തി, മൃഗസംരക്ഷണ വകുപ്പിനെ നിർവഹണ വകുപ്പാക്കിയും 100 ലക്ഷം രൂപ അടങ്കൽ കണക്കാക്കിയും 20% തുക വകയിരുത്തിയ **'ആറ്റിങ്ങൽ മൃഗാശുപത്രി'** എന്ന പ്രവൃത്തിക്ക് പകരമായി മറ്റു വിശദാംശങ്ങളിൽ മാറ്റം വരുത്താതെ പരാമർശം (1) പ്രകാരം ഉൾപ്പെടുത്തിയ **"കിളിമാനൂർ KSRTC ബസ്സ്റ്റാന്റ് നവീകരണം"** എന്ന പ്രവൃത്തിയ്ക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് **4515-00-800-92(NP)** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, ആറ്റിങ്ങൽ നഗരസഭ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (18/11/2024 ലെ E-2914695/DEV-3/151/2024-FIN )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ വിംഗ്, ഐ &പി.ആർ.ഡി
കരുതൽ ഫയൽ (DB1/390/2024)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Smitha. L

Date: 29-11-2024 22:40:42

+